# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2227 — 17.06.2014 ൽ മറുപടിയ്ക്ക്

### വൈക്കം നിയോജക മണ്ഡല പരിധിയിൽ കരമണൽ ഖനനത്തിനായി അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വൈക്കം നിയോജക മണ്ഡല പരിധിയിൽ എത്ര സ്ഥലങ്ങളിൽ കരമണൽ ഖനനത്തിനായി അനുമതി നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ; | (എ) | വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചെമ്പ്, മറവൻതുരുത്ത്, വെള്ളൂർ, ഉദയനാപുരം പഞ്ചായത്തുകളിൽ 2013–14 സാമ്പത്തികവർഷത്തിൽ 10 പേർക്കും മറവൻതുരുത്ത്, വെള്ളൂർ, ഉദയനാപുരം പഞ്ചായത്തുകളിൽ 2014–15 സാമ്പത്തിക വർഷം 5 പേർക്കും മണൽ ഖനനത്തിന് പെർമിറ്റുകൾ അനുവദിച്ചിരുന്നു. ഇപ്പോൾ വെള്ളൂർ, ഉദയനാപുരം പഞ്ചായത്തുകളിൽ 2 സാധാരണമണൽ ഖനനപെർമിറ്റുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | കരമണൽ ഖനനത്തിനായി അനുമതി നൽകുമ്പോൾ എന്തെല്ലാം നിബന്ധനകളാണ് അനുമതി പത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | അനുമതി പത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത നിബന്ധനകൾ ഖനനത്തിന് അനുമതി നേടിയവർ പാലിക്കുന്നുണ്ടോയെന്ന് പരിശോധന നടത്താറുണ്ടോ ; | (സി) | പരിശോധന നടത്തി, ഖനനാനുമതി വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ഖനനാനുമതി നൽകുമ്പോൾ ഓരോ ദിവസവും എത്ര ഘനമീറ്റർ മണൽ ഖനനം ചെയ്യുന്നതിനാണ് അനുമതി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ; ഇതനുസരിച്ചാണോ ഖനനം നടത്തുന്നത് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ഡി) | ഖനനാനുമതിയിൽ ഒരു നിശ്ചിത അളവ് ധാതു നിശ്ചിത കാലാവധിക്കുള്ളിൽ ഖനനം ചെയ്യുന്നതിനായാണ് അനുമതി നൽകുന്നത്. ഓരോ ദിവസവും ഖനനം ചെയ്യാവുന്ന ധാതുവിന്റെ അളവ് ഖനന നിബന്ധനകളിൽ നിജപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | മണൽ ഖനനത്തിനായി മൈനിങ് & ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് മുൻപ് മറ്റേതെങ്കിലും ഏജൻസിയുടെ അനുമതി വാങ്ങേണ്ടതുണ്ടോ; എങ്കിൽ ഏത് ഏജൻസിയുടേ താണെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ജി.ഒ.(പി)54/2010/ഐ.ഡി തീയതി 10.3.2010 സർക്കാർ ഉത്തരവ് പ്രകാരം സാധാരണ മണൽ ഖനനത്തിന് അനുമതിക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നുമുള്ള നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**2013-14**

| ക്രമ നം. | താലൂക്ക് | വില്ലേജ് | പഞ്ചായത്ത് | ക്വാറിയിംഗ് പെർമിറ്റ് നൽകിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | വൈക്കം | കുലശേഖരമംഗലം | മറവൻതുരുത്ത് | 4 |
| 2 | വൈക്കം | വെള്ളൂർ | വെള്ളൂർ | 3 |
| 3 | വൈക്കം | വടക്കേമുറി | ഉദയനാപുരം | 2 |
| 4 | വൈക്കം | ചെമ്പ് | ചെമ്പ് | 1 |

**2014-15(09.6.2014 വരെ)**

| ക്രമ നം. | താലൂക്ക് | വില്ലേജ് | പഞ്ചായത്ത് | ക്വാറിയിംഗ് പെർമിറ്റ് നൽകിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | വൈക്കം | കുലശേഖരമംഗലം | മറവൻതുരുത്ത് | 2 |
| 2 | വൈക്കം | വെള്ളൂർ | വെള്ളൂർ | 2 |
| 3 | വൈക്കം | വടക്കേമുറി | ഉദയനാപുരം | 1 |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

നിബന്ധനകൾ

I (a) പെർമിറ്റിന്റെ കാലാവധി ....... സമയത്തിനകം നിർദ്ദിഷ്ട അളവിലുള്ള ചെറുകിട ധാതു ഖനനം ചെയ്തു നീക്കികൊള്ളേണ്ടതുമാകുന്നു.

(b) പെർമിറ്റ് കൈവശക്കാരന് അവകാശപ്പണം, പാട്ടം മുതലായ ഇനങ്ങളിൽ അടച്ചിട്ടുള്ള തുകകൾ തിരികെ കിട്ടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

(c) പെർമിറ്റ് കൈവശക്കാരൻ ഖനനം ചെയ്തതും നീക്കം ചെയ്തതുമായ ധാതു സംബന്ധിച്ച് ഫോറം എഫിൽ ഒരു പ്രതിമാസ റിട്ടേൺ തക്ക അധികാരസ്ഥനോ, അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്. അയാൾ ഏത് സമയത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സ്ഥലം പരിശോധിക്കുന്നതിന് അനുവദിക്കേണ്ടതും ഖനനം ചെയ്തതും നീക്കിയിട്ടുള്ളതുമായ ധാതുവിന്റെ അളവിന്റെ വിശ്വാസയോഗ്യമായ തെളിവ് നൽകേണ്ടതുമാകുന്നു.

(d) ഖനനം ചെയ്യുന്നതിനുള്ള പെർമിറ്റ് കൈവശക്കാരൻ ആ സ്ഥലത്തുനിന്നും ഒരു വർഷത്തിൽ കൂടുതൽ സമയം ഖനനം ചെയ്യണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ അയാൾക്ക് ഒരു ഖനനത്തിനുള്ള പെർമിറ്റിനു വേണ്ടി അപേക്ഷിക്കാവുന്നതാകുന്നു. എന്നാൽ അയാൾക്ക് ഖനനം ചെയ്യുന്നതിനുള്ള പാട്ടത്തെകുറിച്ചുള്ള അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമായ എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്. മേൽ നിബന്ധന 28.3.2014 ലെ സർക്കാർ ഉത്തരവ് നം.43/14/വ്യവ പ്രകാരം മൂന്ന് കൊല്ലകാലയളവിലേക്ക് പുതുക്കാവുന്നതും എന്നാൽ ഒരു സമയം ഒരു വർഷക്കാലയളവിൽ കൂടുതൽ പുതുക്കി നൽകാൻ പാടില്ലാത്തതു മാണെന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

II. എന്നുമാത്രമല്ല നേരത്തെ നൽകിയതും കാലഹരണപ്പെട്ടതുമായ പെർമിറ്റ് പുതുക്കുന്നതിന് ആയത് പൂർണ്ണമായും ആവശ്യവും അനിവാര്യവുമാണെന്ന് തക്ക അധികാരസ്ഥന് ബോധ്യപ്പെടുന്ന പക്ഷം അദ്ദേഹത്തിന് അത് ഒരു സമയത്ത് ഒരു വർഷത്തേയ്ക്ക് ഒരു ഖനന പെർമിറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പുതുക്കി നൽകാവുന്നതും ആ കാര്യത്തിൽ ഖനനം ചെയ്യുന്നതിനുള്ള പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷക്കുള്ള ഫീസ് ഖനനം ചെയ്യുന്നതിനുള്ള പെർമിറ്റിന് ബാധകമായിട്ടുള്ള അതേ ഫീസ് തന്നെ ആയിരിക്കുന്നതുമാണ്.

III. ഖനനം ചെയ്യുന്നതിനുള്ള ഓരോ പെർമിറ്റും അതാത് സംഗതിപോലെ തക്ക അധികാരസ്ഥനോ അല്ലെങ്കിൽ പെർമിറ്റ് നൽകുന്ന ഉദ്യോഗസ്ഥനോ താഴെ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ആവശ്യമെന്ന് തോന്നുന്ന മറ്റ് നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതാണ് അതായത്

(a) പെർമിറ്റിൽ ഉൾപ്പെടുന്ന ഭൂമിക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരം ഈ ആവശ്യത്തിനുവേണ്ടി പെർമിറ്റ്, തഹസീൽദാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം നൽകിയതിനുശേഷം മാത്രം അനുവദിക്കേണ്ടതാണ്, എന്നാൽ സ്വകാര്യവ്യക്തികളുടെ വകയായ ഭൂമിയുടെ സംഗതിയിൽ ഭൂഉടമയും അപേക്ഷകനും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുമ്പോൾ മാത്രം തഹസിൽദാരുടെ പദവിയിൽ താഴെയല്ലാത്ത ഒരു റവന്യു ഉദ്യോഗസ്ഥൻ നഷ്ടപരിഹാരം അപ്രകാരം നിശ്ചയിക്കേണ്ടതാണ്.

(b) വൃക്ഷങ്ങൾ മുറിക്കുന്നത്

(c) ഏതെങ്കിലും അധികാരസ്ഥൻ നിരോധിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലത്ത് നടക്കുന്ന ഉപരിതല പ്രവർത്തനങ്ങളുടെ നിയന്ത്രണം

(d) റിസർവ് വനത്തിലോ സംരക്ഷിത വനത്തിലോ പ്രവേശിക്കുകയും ജോലിചെയ്യുകയും ചെയ്യുന്നത്

(e) എല്ലാ അപകടങ്ങളെ പറ്റിയും അറിയിക്കുന്നത്

(f) മൂന്നാം കക്ഷിയുടെ അവകാശവാദങ്ങൾ ക്കെതിരായി സർക്കാരിന് നഷ്ടോത്തരവാദം ചെയ്യുന്നത്

(g) പെർമിറ്റ് റദ്ദാക്കിയതിനുശേഷം അവശേഷിച്ച വസ്തുക്കൾ കണ്ടുകെട്ടുന്നത്.

IV. ഏതു നിബന്ധനകൾക്ക് വിധേയമായാണോ പെർമിറ്റ് നൽകിയത് അവയിലേതിന്റെ എങ്കിലും ലംഘനത്തിന് തക്ക അധികാരസ്ഥനോ അല്ലെങ്കിൽ ഇതിനുവേണ്ടി അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ തക്ക അധികാരസ്ഥന്റെ നിർദ്ദേശങ്ങൾ പ്രകാരം പെർമിറ്റ് റദ്ദുചെയ്യുകയും ആ വിവരം പെർമിറ്റ് കൈവശക്കാരനെ രേഖാമൂലം അറിയിക്കുകയും ചെയ്യാവുന്നതാണ്. പെർമിറ്റ് റദ്ദാക്കികഴിഞ്ഞാൽ ഏത് ഭൂമിയിൽ നിന്നാണോ, കുഴിച്ചെടുത്തത് ആ ഭൂമിയിൽ കിടക്കുന്ന ഖനനം ചെയ്ത സാധനങ്ങൾ സർക്കാരിന്റെ തനി സ്വത്തായി തീരുന്നതാണ്. അപ്രകാരമുള്ള സംഗതിയിൽ പെർമിറ്റ് കൈവശക്കാരന്റെ പേരിലുള്ള മുൻകൂറായി അടച്ചിട്ടുള്ള എല്ലാ അവകാശപണവും പാട്ടതുകയും അവയുമോ അഥവാ അവയുടെ ഭാഗമോ കൂടി സർക്കാരിലേക്ക് കണ്ടുകെട്ടപ്പെടുന്നതാണ്.

V. പെർമിറ്റ് അനുവദിച്ചിട്ടുള്ള സ്ഥലത്ത് മാത്രമായി ഖനന പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.

VI. പെർമിറ്റ് കരസ്ഥമാക്കിയിട്ടുള്ള വ്യക്തി ഖനനം നടത്തുന്ന സ്ഥലത്തിനുചുറ്റും വേലികെട്ടി തിരിക്കേണ്ടതും നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

VII. ഖനനപ്രവർത്തനങ്ങൾ രാവിലെ 8 മണിക്കും 5 മണിക്കും ഇടയ്ക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

VIII. പെർമിറ്റ് കരസ്ഥമാക്കിയിട്ടുള്ള വ്യക്തി മേൽമണ്ണ് ഖനനസ്ഥലത്തിനടുത്ത് സൂക്ഷിക്കേണ്ടതും ഖനനം നടത്തിയതിനുശേഷം ആയത് മൂലം ഉണ്ടായ കുഴികൾ മേൽമണ്ണ് ഉപയോഗിച്ച് നികത്തേണ്ടതുമാണ്.

പെർമിറ്റ് കരസ്ഥമാക്കിയ വ്യക്തി മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളിൽ വീഴ്ചവരുത്തുന്ന പക്ഷം 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരവും 1957 ലെ മൈൻസ് & മിനറൽസ്(ഡെവലപ്പ്മെന്റ് & റെഗുലേഷൻ) ചട്ടങ്ങൾ പ്രകാരവുമുള്ള നടപടികൾക്ക് വിധേയനാകേണ്ടതാണ്.

സെക്ഷൻ ഓഫീസർ